# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4125 — 24/10/2016-ന് മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്

**ചോദ്യം**

ശ്രീ.എൻ.എ.നെല്ലിക്കുന്ന്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കുമോ ; | (എ) | 30.06.2015 ന് നിലവിൽ വന്ന ലിസ്റ്റ് 1 വർഷവും 3 മാസവും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ എത്ര പേരാണുള്ളതെന്ന് അറിയിക്കുമോ; | (ബി) | മെയിൻ ലിസ്റ്റിൽ 978 പേർ ഉൾപ്പെടെ ആകെ 1854 പേരാണ് ലിസ്റ്റിൽ ഉള്ളത്. |
| (സി) | ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ എല്ലാ ഒഴിവുകളിലും നിയമനം നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ സർക്കാർ, വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 2017-ലെ പ്രതീക്ഷിത ഒഴിവുകൾ 2016 സെപ്റ്റംബറോടു കൂടി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ 9 ഒഴിവുകൾ ഒഴികെ മറ്റെല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്. 9 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശാ നടപടികൾ പി.എസ്.സിയിൽ പുരോഗമിക്കുന്നു. |
| (ഡി) | കാസർഗോഡ് ജില്ലയിൽ ഏതെല്ലാം വകുപ്പുകളിൽ പ്രസ്തുത തസ്തികയിൽ ഒഴിവുകളുണ്ടെന്നും ആ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | | |
| (ഇ) | പ്രസ്തുത ലിസ്റ്റിൽ പ്രായപരിധിയ്ക്കടുത്തെത്തി നിൽക്കുന്ന എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; ഇനിയൊരു ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയില്ലാത്ത ഇവർക്ക് നിയമനം ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (ഇ) | ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നൽകുന്നതാണ്. |
| (എഫ്) | കാസർഗോഡ് പി.എസ്.സി. ഓഫീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒഴിവുകളുണ്ടോ; എങ്കിൽ ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (എഫ്) | ഒഴിവുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ